# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2940 20/12/2012-ലെ മറുപടിക്ക്

**മോഡൽ II വൊക്കേഷണൽ കോഴ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്തെ മോഡൽ II വൊക്കേഷണൽ കോഴ്സുകൾ ഏതു വർഷം മുതലാണ് കോളേജുകളിൽ ആരംഭിച്ചത്; | എ) 1994-95 വർഷം മുതൽ യു.ജി.സി കോളേജുകളിൽ ഡിഗ്രി തലത്തിൽ വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചു. ജി.ഒ. (എം.എസ്സ്) 134/98/ഉ.വി.വ തീയതി 09/11/1998 ഉത്തരവ് പ്രകാരം 1998-99-ലും മറ്റ് കോഴ്സുകളോടൊപ്പം സർക്കാർ എയ്ഡഡ് കോളേജുകളിൽ വൊക്കേഷണൽ കോഴ്സുകളും ആരംഭിച്ചു. |
| ബി) ഈ കോഴ്സുകൾക്ക് അനുയോജ്യമായ അദ്ധ്യാപകരെ പ്രസ്തുത കോളേജുകളിൽ നിയമിച്ചുവോ; വ്യക്തമാക്കുമോ;<br>സി) പ്രസ്തുത കോഴ്സുകൾ നിലവിൽ വന്നതിനുശേഷം പുതുതായി എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്;<br>ഡി) മോഡൽ II വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചിട്ടുള്ള കോളേജുകളിൽ പ്രസ്തുത കോഴ്സുകൾക്ക് ആനുപാതികമായി അനദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | ബി), സി) & ഡി)<br>1994-95 വർഷത്തിൽ ആരംഭിച്ച വൊക്കേഷണൽ കോഴ്സുകൾക്കുള്ള ധനസഹായം യു.ജി.സി.യിൽ നിന്ന് ലഭ്യമാക്കുകയും അദ്ധ്യാപകർക്ക് അധിക വേതനം നൽകി കോഴ്സ് നടത്തുകയും ചെയ്തു. 1998-99-ൽ കണ്ടീഷണൽ കോഴ്സുകളായി അനുവദിച്ച കോഴ്സുകൾക്ക് ആവശ്യമായ അദ്ധ്യാപകരെ കാലക്രമത്തിൽ നിയമിക്കുകയും 1599 അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**